**പതിനാലാം കേരളനിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം:*110** **11.06.2019 -ൽ മറുപടിയ്ക്ക്**

## തോട്ടം തൊഴിലാളികൾക്കുള്ള ഭവനപദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീമതി ഇ.എസ്.ബിജിമോൾ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ :** | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)** |
| (എ) തോട്ടം തൊഴിലാളികളുടെ ലയങ്ങൾ ശോചനീയമായ അവസ്ഥയിലാണെന്നത് കണക്കിലെടുത്ത് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കി നൽകുന്നതിന് ഭവനനിർമ്മാണ വകുപ്പിന് പദ്ധതിയുണ്ടോ; | (എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് പദ്ധതിയുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കാൻ പോകുന്നതെന്ന് അറിയിക്കുമോ; | (ബി) ഇടുക്കി ജില്ലയിലെ കുമളിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) പ്രീ-ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാണോ പ്രസ്തുത ഭവന പദ്ധതിയിൽ ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) അതെ. പ്രീ-ഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള നിർമ്മാണമാണ് പ്രസ്തുത ഭവന പദ്ധതിയിൽ ഭവന നിർമ്മാണ ബോർഡ് ഒരുക്കുന്നത്. |
| (ഡി) പ്രസ്തുത പദ്ധതിക്ക് 2018-19 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയെന്ന് അറിയിക്കുമോ? | (ഡി) പ്രസ്തുത പദ്ധതിയ്ക്ക് 2018-19 സാമ്പത്തിക വർഷം തുക വകയിരുത്തിയിട്ടില്ല. 2019-20 സാമ്പത്തിക വർഷം 750 ലക്ഷം രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

Subha S

സെക്ഷൻ ഓഫീസർ